(സി) വൈദ്യുത ലൈനിലെ ജോലികൾ കരാറുകാരെക്കൊണ്ട് ചെയ്യിക്കാറുണ്ടോ ;

(ഡി) കരാർ മുഖേന ജോലി ചെയ്യിക്കുന്നതുകൊണ്ട് വൈദ്യുതി ബോർഡിന് പ്രതിവർഷം എന്തു ചെലവ് വരുന്നുണ്ട് ;

(ഇ) പ്രസ്തുത ചെലവൊഴിവാക്കാൻ സർക്കാർ നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ നിരന്തരം എടുക്കുന്നുണ്ട്.

(ബി) ഓരോ പ്രവൃത്തിയുടെയും സ്വഭാവം അനുസരിച്ച് പ്രസ്തുത പ്രവൃത്തിചെയ്യുവാൻ വേണ്ട യോഗ്യതയുള്ള പരിചയ സമ്പന്നരായ കരാറുകാരിൽ നിന്നും ക്വട്ടേഷൻ/ടെൻഡർ ക്ഷണിച്ചാണ് പ്രവൃത്തികൾ ചെയ്യുന്നത്.

(സി-ഇ) സമയബന്ധിതമായി ലൈൻ ജോലികൾ ചെയ്തുതീർക്കാൻ ആവശ്യമായ ജീവനക്കാർ ഇല്ലാത്ത സാഹചര്യത്തിലാണ് കരാറുകാരെക്കൊണ്ട് പ്രവൃത്തികൾ ചെയ്തുവരുന്നത്. കൂടാതെ ബോർഡ് ജീവനക്കാരെക്കൊണ്ട് ചെയ്തുതീർക്കാൻ കഴിയാത്ത പ്രവൃത്തികളും കരാർ അടിസ്ഥാനത്തിൽ ചെയ്തുവരുന്നു. വിതരണമേഖലയിൽ പ്രതിവർഷം ഏകദേശം 113 കോടി രൂപ ഇതിനായി ചെലവുവരുന്നു. പ്രസ്തുത ചെലവ് പരമാവധി കുറയ്ക്കുന്നതിനുവേണ്ടി ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

മഞ്ചേശ്വരം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

170 (4233) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സമ്പൂർണ്ണ വൈദ്യുതീകരണം, എപ്പോൾ പൂർത്തിയാകും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മഞ്ചേശ്വരം മണ്ഡലം സമ്പൂർണ്ണമായി വൈദ്യുതീകരിക്കാൻ 67.379 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിട്ടുള്ളത്. അതിൽ 25% എം.എൽ.എ.വിഹിതവും 25% എം.പി. വിഹിതവും ആക്കി 50% ബോർഡും

LIBRARY ARCHIVES Kerala Legislative Assembly

ആണ് വിലയിരുത്തുന്നത്. എം.എൽ.എ.യുടെ വിഹിതമായി 20,15,254 രൂപ ബോർഡിൽ നിക്ഷേപിച്ചുകഴിഞ്ഞിട്ടുണ്ട്. എം.പി.യുടെ വിഹിതമായ 13,63,745 രൂപ കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തികൾ ആറുമാസം കൊണ്ട് തീർക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

മഞ്ചേശ്വരം മണ്ഡലത്തിലെ ആർ.ജി.ജി.വൈ. പദ്ധതി പ്രകാരമുള്ള വൈദ്യുതീകരണം

171 (4234) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിന്നോക്ക വിഭാഗ സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ആർ.ജി.ജി.വൈ. മുഖേന ഏതെങ്കിലും പ്രദേശങ്ങൾ വൈദ്യുതീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) മഞ്ചേശ്വരം മണ്ഡലത്തിലെ ആർ.ജി.ജി.വി.വൈ. മുഖേന വൈദ്യുതീകരിക്കേണ്ട പ്രദേശങ്ങൾ താഴെചേർക്കുന്നു :

1. കണ്ടൽമർക്കള
2. ബാഡൂർ
3. കനവണ്ണൂർ
4. മൂടംബയൽ
5. വോർക്കാടി
6. എൻമകജെ
7. പട്ടീര
8. കാട്ടുകുക്കെ
9. മയിറെ
10. കോയിപ്പാടി
11. അങ്കടിമുഗൾ
12. കണ്ണൂർ
13. എടനാട്
14. പുത്തിഗെ
15. മുഗു

LIBRARY ARCHIVES Kerala Legislative Assembly